ബഹുമാനപ്പെട്ട കഴക്കൂട്ടം എം.എൽ.എ. ശ്രീ. എം.എ. വാഹീദ് അവർകൾക്ക്.

സർ,

വിഷയം:- ഇൻഫോസിസിന്റെ ഭാഗം മുതലുള്ള തെറ്റിയാർ തോടിന്റെ ഭിത്തികൾ കരിങ്കൽ കെട്ടി ഉയർത്തി ബലപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:- (1) 22.1.2012 ന് എം.എൽ.എ. യ്ക്ക് നൽകിയ നിവേദനം.

(2) 24.1.2012 ന് മൈനർ ഇറിഗേഷൻ ചീഫ് എൻജിനീയർക്ക് താങ്കൾ നൽകിയ കുറിപ്പ്.

(3) 28.6.2012 ന് അസോസിയേഷൻ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയ നിവേദനം.

(4) മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ എസ്റ്റിമേറ്റ്.

സൂചന പ്രകാരമുള്ള നിവേദനത്തിലേക്കും, കുറിപ്പിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന (1) പ്രകാരം ഞങ്ങൾ താങ്കൾക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 24.1.2012 ന് താങ്കൾ മൈനർ ഇറിഗേഷൻ ചീഫ് എൻജിനീയർക്ക് നൽകിയ കുറിപ്പിന്റെയും, 28.6.2012 ന് അസോസിയേഷൻ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയ നിവേദനത്തിന്റെയും അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും തെറ്റിയാർ തോടിന്റെ പുനരുദ്ധാരണവും സംരക്ഷണവുമടക്കമുള്ള ജോലികളെക്കുറിച്ച് പരിശോധിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയുമുണ്ടായി. രണ്ട് പ്രോജക്ടുകളിലായി ആകെ ₹50,000,00 (അൻപത് ലക്ഷം രൂപ) യുടെ എസ്റ്റിമേറ്റായാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് എസ്റ്റിമേറ്റിന്റെ വിശദവിവരണം താഴെ ചേർക്കുന്നു.

Improvements & Side protection work of Thettiyar Thode near Infosys, NH Bypass bridge towards the western side of bridge in Poundkadavu ward of Trivandrum Corporation.

| | | |
|---|---|---|
| Reach-1 | : | 25 Lakhs |
| Reach-2 | : | 25 Lakhs |

എന്നാൽ 2012-13 വർഷത്തിൽ ഈ ജോലിക്ക് മൈനർ ഇറിഗേഷൻ ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കാൻ നിവർത്തിയില്ലായെന്ന് അറിയിക്കുകയുണ്ടായി.

ആയതിനാൽ അടുത്ത വർഷത്തെ (2013-14) ഫണ്ടിൽ നിന്നെങ്കിലും ഈ ജോലിയ്ക്കാവശ്യമായ പണം ഇറിഗേഷൻ വകുപ്പിൽ നിന്നും അനുവദിപ്പിക്കുകയോ, അല്ലെങ്കിൽ എം.എൽ.എ. ഫണ്ടിൽ നിന്നും ഈ തുക അനുവദിയ്ക്കുകയോ ചെയ്ത്, കഴിയുന്നത്ര പെട്ടെന്ന് ഈ പണി പൂർത്തിയാക്കി വർഷങ്ങളായി വെള്ളം കരകവിഞ്ഞൊഴുകി ഈ പ്രദേശത്തുകാർ അനുഭവിക്കുന്ന ദുരിതത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് താങ്കൾ ആത്മാർത്ഥമായി ശ്രമിക്കണമെന്ന് അപേക്ഷിയ്ക്കുന്നു.

വിശ്വസ്തതയോടെ,

പൗണ്ട്കടവ്

12.1.2013

സെക്രട്ടറി

ഉള്ളടക്കം:- സൂചനപ്രകാരമുള്ള പകർപ്പുകൾ.